**No. PL 2/2021** **23-08-2021**

# സർക്കുലർ

**ബഹുമാനപ്പെട്ട വൈദികരെ, സന്യസ്തരെ, പ്രിയ വിശ്വാസികളെ,**

ഏതാ് ഒന്നര വർഷക്കാലമായി ആഗോളവ്യാപകമായി നാമനുഭവിക്കുന്ന കോവിഡ് എന്ന പകർച്ചവ്യാധി, മനുഷ്യജീവിതത്തിന്റെ എല്ലാ സാദ്ധ്യതകളെയും പരിമിതിപ്പെടുത്തിയ അനുഭവമാണല്ലോ നമുക്കുള്ളത്. നമ്മുടെ ഭദ്രാസനാംഗങ്ങൾ ധാരാളം പേരെ ഈ പകർച്ചവ്യാധി പിടിപെടുകയും നമ്മുടെ പ്രിയപ്പെട്ട പലരും ഇതുമൂലം നമ്മിൽനിന്നും വേർപെടുകയും ചെയ്തു. പ്രിയപ്പെട്ടവരുടെ വേർപാടിൽ വേദനിക്കുന്ന എല്ലാവരോടും ഭദ്രാസനത്തിന്റെ പേരിലുള്ള അകൈതവമായ അനുശോചനം അറിയിക്കുന്നു. നമ്മുടെ ഭദ്രാസനാംഗങ്ങളുടെ വളരെ ലോലമായ സാമ്പത്തിക ക്രമീകരണങ്ങളെ ഈ സാമൂഹികവിപത്ത് തകിടംമറിക്കുകയുമായി. അന്നന്നത്തെ അദ്ധ്വാനംകൊ് ഉപജീവനം നടത്തുന്ന നമ്മുടെ ബഹുഭൂരിപക്ഷം കുടുംബങ്ങളും വലിയ യാതനയിലായ സമയമാണിത്. അതുപോലെതന്നെ ഒന്നര വർഷമായി അടഞ്ഞുകിടക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾ നമ്മുടെ കുഞ്ഞുങ്ങളിലും യുവതീയുവാക്കളിലും ഏല്പിക്കുന്ന ബൗദ്ധികവും മാനസികവും സാമൂഹികവുമായ ആഘാതം ദൂരവ്യാപകമായ തിക്തഫലങ്ങൾ ഉളവാക്കുന്നവയാണ്.

ഒരുപക്ഷെ, ഈ പകർച്ചവ്യാധി ഏറ്റവും ഗുരുതരമായി ബാധിച്ച ഒരു മേഖല, നമ്മുടെ സഭാത്മകജീവിതം തന്നെയാണ്. ഈ മഹാവ്യാധി പൊട്ടിപുറപ്പെട്ട സമയം മുതൽ നമ്മുടെ ദൈവാലയങ്ങൾ പൂർണ്ണമായോ ഭാഗികമായോ അടഞ്ഞുകിടക്കുകയാണ്. നമ്മുടെ സഭാജീവിതവുമായി ബന്ധപ്പെട്ട എല്ലാ ആരാധനാനുഭവങ്ങളും, കൂടിവരവുകളും, ആഘോഷങ്ങളും, എന്തിനേറെ, മൃതസംസ്കാരശുശ്രൂഷകൾ പോലും നമുക്കു നിഷേധിക്കപ്പെടുകയോ, കർശനമായ നിയന്ത്രണങ്ങൾക്ക് വിധേയമായി മാത്രം നടത്തുവാൻ നാം നിർബന്ധിതരാവുകയോ ചെയ്യുന്ന സമയമാണിത്. അഭൂതപൂർവ്വവും അനേകം മാനങ്ങളുള്ളതുമായ ഈ പ്രതിസന്ധിയിൽ വിശ്വാസികളായ നമുക്ക് ആശ്വാസവും ഉൾബലവും പ്രദാനംചെയ്യേ നമ്മുടെ സഭാജീവിതനന്മകൾ നമുക്ക് നിഷേധിക്കപ്പെടുന്നത് നമ്മുടെ ജീവിതത്തിന്റെ സന്തുലിതാവസ്ഥയെതന്നെ വല്ലാതെ ഉലക്കുന്നു.

നമ്മുടെ സമൂഹത്തിൽനിന്നും ഈ വൈറസിന്റെ പൂർണ്ണമായ നിഷ്കാസനം എന്ന് സാദ്ധ്യമാകും എന്ന് നമുക്ക് യാതൊരു സൂചനയും ലഭ്യമല്ലാത്ത ഈ അവസരത്തിൽ ഉത്തരവാദിത്തമുള്ള പൗരബോധത്തിന്റെയും ക്രിസ്തീയവിശ്വാസം നൽകുന്ന പ്രത്യാശയുടെയും പിൻബലത്തിൽ ഈ സാഹചര്യത്തെ നേരിടുവാനും, ഇതിനോടൊപ്പം ജീവിക്കുവാനും നാം നമ്മെതന്നെ പരിശീലിപ്പിക്കുകയാണു വേത്. ജാഗ്രത കൈവെടിയാതെ, ഭരണകൂടം നൽകുന്ന നിർദ്ദേശങ്ങൾ പാലിച്ചുകൊുതന്നെ സാദ്ധ്യമായ രീതിയിൽ ജീവിതത്തിന്റെ നന്മകളിലേക്കുള്ള ഒരു തിരിച്ചുവരവിനു നമുക്കു പരിശ്രമിക്കാം.

അനേകമാസങ്ങളായി നമുക്ക് നിഷേധിക്കപ്പെട്ട ആധ്യാത്മിക, സഭാത്മക നന്മകൾ വീെടുക്കുവാൻ നാം ഗൗരവമായി, അതേസമയം ശ്രദ്ധയോടെ, ശ്രമിക്കേിയിരിക്കുന്നു.

ചൈതന്യവത്തായ ഒരു സഭാത്മകജീവിതത്തിൽനിന്നുള്ള ദീർഘകാലത്തെ അകലം നമ്മുടെ ആത്മീയ ജീവിതത്തെ ക്ഷയിപ്പിക്കുകയും, മനപ്പൂർവ്വമല്ലാത്ത ഒരു ദൈവനിഷേധ–സഭാനിഷേധാഭിമുഖ്യത്തിലേക്ക് നമ്മെ നയിക്കുകയും ചെയ്യുവാനുള്ള സാദ്ധ്യതയുണ്ട്. ഈയൊരു അപകടത്തിനു കൂടുതൽ രൂക്ഷതയിൽ വിധേയരായിരിക്കുന്നത്, നമ്മുടെ കുഞ്ഞുങ്ങളും, യുവജനങ്ങളും, വിശ്വാസത്തിൽ മതിയായ ആഴം ഉൾക്കൊണ്ടിട്ടില്ലാത്ത മുതിർന്നവരുമാണ്. കൂട്ടായ ആരാധനാനുഭവത്തിൽനിന്നും, കൂദാശാസ്വീകരണത്തിൽനിന്നും, ചലനാത്മകമായ വിശ്വാസജീവിതം സമ്മാനിക്കുന്ന മറ്റുനന്മകളിൽനിന്നുമൊക്കെ മാറിനിൽക്കേിവരുന്ന ഈ അവസ്ഥ, കോവിഡ് നമ്മുടെ ജീവിതത്തിനേല്പിച്ച ഏറ്റവും വലിയ ഒരു പ്രഹരമാണ്.

അതിനാൽ നാമിന്ന് വിധേയമായിരിക്കുന്ന പരിമിതികളെ പരിഗണിച്ചുകൊണ്ടുതന്നെ, ഇടവക കേന്ദ്രീകൃതമായ ഒരു വിശ്വാസനവീകരണ പ്രക്രിയക്ക് ആരംഭമിടുവാൻ നമുക്ക് സന്നദ്ധരാകാം. ഭദ്രാസനാഭിമുഖ്യത്തിൽതന്നെ ഇതിനാവശ്യമായ ക്രമീകരണം നടത്തുന്നതാണ്. നമ്മുടെ ഭദ്രാസനത്തിലെ എല്ലാ ഇടവകകളിലും ബഹുമാനപ്പെട്ട ഇടവകവികാരിയുടെയും ജില്ലയിലെ മറ്റുവൈദികരുടെയും ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെയും നേതൃത്ത്വത്തിൽ, സാധ്യമായ രീതിയിൽ നടത്തപ്പെടുന്ന ഒരു ആത്മീയ ശുശ്രൂഷയോടുകൂടി ഈ നവീകരണയജ്ഞം നമുക്ക് ആരംഭിക്കാം. കോവിഡ് നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ടുതന്നെ ഈയൊരു നവീകരണാനുഭവത്തിൽ ഉൾച്ചേരുവാൻ എല്ലാവരും ശ്രമിക്കണം എന്ന് സ്നേഹപൂർവ്വം ഉത്ബോധിപ്പിക്കുന്നു. പ്രത്യേകിച്ച് വിശുദ്ധ യൗസേപ്പ്പിതാവിനു സമർപ്പിക്കപ്പെട്ട വർഷം എന്നനിലയിൽ, നമ്മുടെ ഈ കൂടിവരവ് ഉചിതമായ ഒരു വിശുദ്ധ യൗസേപ്പ് വർഷാചരണമായികൂടി പരിഗണിക്കാം. ഇതുസംബന്ധിച്ച സമയക്രമീകരണങ്ങളും മറ്റ് വിശദാംശങ്ങളും ഭദ്രാസന കേന്ദ്രത്തിൽനിന്നും നല്കുന്നതാണ്.

സെപ്റ്റംബർ മാസം അഞ്ചാം തീയതി നമ്മുടെ ഭദ്രാസനത്തിന്റെ സ്വർഗീയ മദ്ധ്യസ്ഥ കൽക്കട്ടായിലെ വിശുദ്ധ തെരേസയുടെ തിരുനാളാണല്ലോ. ഈ ദിവസം നമ്മൾ ഭദ്രാസനദിനമായിട്ടാണല്ലൊ ആചരിക്കുന്നത്. കഴിഞ്ഞ നാലു വർഷങ്ങളായി ഒരു ഭദ്രാസനം എന്ന നിലയിൽ ദൈവത്തിൽനിന്നു നാം സ്വീകരിച്ചിട്ടുള്ള നന്മകൾക്ക് നന്ദി അർപ്പിക്കുവാനും, ഭദ്രാസനത്തിലൂടെയുള്ള നമ്മുടെ വിശ്വാസശുശ്രൂഷയിൽ കൂടുതൽ തീക്ഷണതയോടെ സമർപ്പിതരാകുവാനും നാം കടപ്പെട്ടിരിക്കുന്ന അവസരമാണ് ഈ തിരുന്നാൾ. നമുക്കറിയാവുന്നതുപോലെ നമ്മെ അത്ഭുതപ്പെടുത്തുന്ന അനന്തമായ ദൈവപരിപാലനയുടെ അനുഭവമാണ് കഴിഞ്ഞ നാലു വർഷങ്ങൾ നമുക്ക് സമ്മാനിച്ചത്. തിരുന്നാൾ ദിനം സെപ്റ്റംബർ അഞ്ചാം തീയതി ഒരു ഞായറാഴ്ച ആയതിനാൽ സെപ്റ്റംബർ നാലാം തീയതി ശനിയാഴ്ച രാവിലെ 8.00 മണിക്ക് പാറശ്ശാല നമ്മുടെ കത്തീഡ്രൽ ദൈവാലയത്തിൽവച്ച് കൃതജ്ഞതാദിവ്യബലി അർപ്പിക്കപ്പെടുന്നു. ഇടവക പ്രതിനിധികളുടെ ഭാഗഭാഗിത്തം കോവിഡ് നിയന്ത്രണങ്ങൾക്ക് വിധേയമായി ഭദ്രാസന കേന്ദ്രത്തിൽനിന്നും നല്കുന്ന നിർദ്ദേശാനുസരണം ക്രമീകരിക്കേതാണ്.

ഭദ്രാസനത്തിന്റെ നിരവധിയായ ജീവകാരുണ്യപ്രവർത്തനങ്ങൾക്കുള്ള ചാരിറ്റി ഫ ിലേക്ക് വ്യക്തികളും ഇടവകകളും സ്ഥാപനങ്ങളും സംഭാവന നല്കുന്ന ഒരു പതിവ് നമുക്കുല്ലോ. സെപ്റ്റംബർ നാലാം തീയതി വിശുദ്ധ കുർബാനക്കുശേഷം സംഭാവനകൾ കൈമാറുവാനുള്ള അവസരം ഉായിരിക്കും. സെപ്റ്റംബർ അഞ്ചാം തീയതി ഞായറഴ്ച നമ്മുടെ എല്ലാ ഇടവകകളിലും ഭദ്രാസന നിയോഗത്തിൽ വിശുദ്ധ കുർബാന അർപ്പിക്കണം എന്നു ഓർമ്മിപ്പിക്കുന്നു.

നമ്മുടെ ഡൽഹി ഗുഡ്ഗാവ് ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് പിതാവിനെ നിങ്ങളുടെ വിലയേറിയ പ്രാർഥനാനിയോഗത്തിൽ ഒരിക്കൽ കൂടി സമർപ്പിക്കുന്നു. അഭിവന്ദ്യ പിതാവിനെ കഴിഞ്ഞദിവസം ഞാൻ സന്ദർശിക്കുകയു ായി. നമ്മുടെ തീവ്രമായ പ്രാർഥനാസഹായം പിതാവിനു വളരെയേറെ ആവശ്യമുള്ള ഒരു സമയമാണിത്.

പകർച്ചവ്യാധിയുടെ ഈ പ്രയാസമേറിയ കാലഘട്ടത്തിലും നമ്മുടെ വിശ്വാസ തീക്ഷ്ണതക്കും സഭാസ്നേഹത്തിനും പരസ്പരമുള്ള കരുതലിനും അല്പംപോലും ക്ഷതം സംഭവിക്കാതിരിക്കാൻ നമുക്ക് ശ്രദ്ധിക്കാം. ദൈവം നാമേവരെയും നമ്മുടെ കുടുംബങ്ങളെയും തുടര്ന്നും സംരക്ഷിക്കട്ടെ. പരിശുദ്ധ ദൈവമാതാവിന്റെയും വിശുദ്ധ മദർ തെരേസയുടെയും സാന്നിദ്ധ്യവും സംരക്ഷണവും നമുക്ക് ബലമായിരിക്കട്ടെ.

സസ്നേഹം

തോമസ് മാർ യൗസേബിയസ്
പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ

---

**ഈ സർക്കുലർ** ഓഗസ്റ്റ് 29 - **ആം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദേവാലയങ്ങളിലും മിഷൻ കേന്ദ്രങ്ങളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.**